# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1152 | 05.03.2018 -ൽ മറുപടിക്ക്

## പൊതുവഴി സ്വകാര്യ വ്യക്തി കെട്ടി അടച്ചതുമായി ബന്ധപ്പെട്ട പരാതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ സർവ്വെ നമ്പർ 81/16 (റി.സ.145/5) ൽ ശ്രീമതി പുളിങ്ങാഞ്ചേരി ആമിന എന്നിവരുടെയും പരിസര വാസികളുടെയും പൊതുവഴി സ്വകാര്യ വ്യക്തി കെട്ടി അടച്ചത് സംബന്ധിച്ച് പരാതി കോഴിക്കോട് താലൂക്ക് ഓഫീസിൽ നിലവിലുണ്ടോ; | (എ) | പരാതി നിലവിലുണ്ട്. കോഴിക്കോട് സബ്ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/2009 തീയതി 26-3-2009-ലെ സോപാധിക ഉത്തരവ് പ്രകാരം ലഭിച്ചത്. |
| (ബി) എങ്കിൽ ഇതിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | മേൽ പ്രകാരം ലഭിച്ച ഉത്തരവിൽ എതിർകക്ഷികളോട് തടസ്സം നീക്കി വഴി പുന:സ്ഥാപിക്കുകയോ അല്ലെങ്കിൽ ഉത്തരവ് പ്രാവർത്തികമാക്കാതിരിക്കാനുള്ള കാരണം 27-5-2009-ന് കോഴിക്കോട് തഹസീൽദാർ & എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയിൽ എം.സി. 15/2009 നമ്പറായി കേസ് ഫയൽ ആരംഭിച്ചു. ഇരു കക്ഷികളും വിചാരണയ്ക്ക് ഹാജരായി. എതിർ കക്ഷി കോഴിക്കോട് സബ്ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/09 തീയതി 26-3-2009-ലെ സോപാധിക ഉത്തരവിനെതിരെ ആക്ഷേപ ഹർജി ബോധിപ്പിച്ചു. സ്ഥല പരിശോധന നടത്തുകയും വിചാരണ നടത്തുകയും ചെയ്തതിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ എ-2546/09 തീയതി 26-3-2009-ലെ സോപാധിക ഉത്തരവ് സ്ഥിരപ്പെടുത്തി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതി 25-7-2011-ന് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ |

എതിർ കക്ഷി ബഹു.സെഷൻസ് കോടതി, കോഴിക്കോട് മുമ്പാകെ ഫയൽ ചെയ്ത 62/2012 നമ്പർ റിവിഷൻ പെറ്റീഷൻ പരിഗണിച്ച് കോടതി 2-2-2012 ന് കേസ് റിമാൻഡ് ചെയ്ത് തിരിച്ചയ്ക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ടി കേസിൽ വീണ്ടും വിചാരണ നടന്നുവരികയും 19-12-2017 ന് അവസാനമായ വിചാരണ നടന്ന കേസിൽ 10-4-2018 ന് അടുത്ത വിചാരണ നിശ്ചയിച്ചിട്ടുള്ളതുമാണ്.

(സി) കോഴിക്കോട് താലൂക്ക് ഓഫീസിലെ ഫയൽ നമ്പർ എ/2549/2009, എം.സി./15/2009 എന്നീ ഫയലുകളിൽ നാളിതുവരെ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; പൊതുജനങ്ങളെ ബാധിക്കുന്ന ഈ ഫയലുകളിൽ ഇത്രയും കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ്; പ്രസ്തുത ഫയലുകളിൽ ഉടൻ തന്നെ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയുടെ ഫയൽ എ-2546/2009 നമ്പറാണ്. കോഴിക്കോട് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയുടേത് എം.സി.15/2009 നമ്പർ ഫയലാണ്. എ/2549/2009 നമ്പർ ഫയൽ ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. സെഷൻസ് കോടതിയുടെ നിർദ്ദേശ പ്രകാരം പുനർവിചാരണ നടന്നവരുന്നതിനാലാണ് കേസിൽ ഇത്രയും കാലതാമസത്തിന് കാരണം. ഈ കേസിൽ 19-12-2017 ന് അവസാനമായി വിചാരണ നടത്തിയിരുന്നതും 10-4-2018 ന് അടുത്ത വിചാരണ നിശ്ചയിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**